ഉത്തരം

(എ) ഇല്ല.

(ബി) മുൻ ഉത്തരത്തിന്റെ വെളിച്ചത്തിൽ മറുപടി ഉദിക്കുന്നില്ല.

(സി) കള്ളു ചെത്ത് തൊഴിലാളി ക്ഷേമ നിധി ബോർഡ് 71 കോടി രൂപ

അബ്കാരി ക്ഷേമ നിധി ബോർഡ് 15 കോടി രൂപ

ചുമട്ട് തൊഴിലാളി ക്ഷേമ നിധി ബോർഡ് 15 കോടി രൂപ

മോട്ടോർ തൊഴിലാളി ക്ഷേമ നിധി ബോർഡ് 12 കോടി രൂപ

കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ നിധി ബോർഡ് 40 കോടി രൂപ

(ഡി) നൽകുന്നുണ്ട്.

(ഇ) നിക്ഷേപ സമാഹരണത്തിന്റെ ഭാഗമായി കൂടുതൽ നിക്ഷേപങ്ങൾ ആകർഷിക്കുവാൻ വേണ്ടിയാണ് കൂടുതൽ പലിശ വാഗ്ദാനം ചെയ്യുന്നത്.

ടി. വി. വർഗ്ഗീസിന്റെ കുടുംബത്തിനു നൽകിയ ധനസഹായം

23 (1298) ശ്രീ. കെ. പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വീരമൃത്യു വരിച്ച വടക്കേചേരിയിലെ ശ്രീ. ടി. വി. വർഗ്ഗീസിന്റെ കുടുംബത്തിന് നൽകിയ 5 ലക്ഷം രൂപയുടെ ചെക്ക് ട്രഷറിയിൽ നിന്നും സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി കാരണം ഇതുവരെ മാറാൻ കഴിയാതെ വന്നത് സംബന്ധിച്ച പ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ചെക്കിന്റെ കാലാവധി 2001 ജനുവരി 15 വരെയായിരുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിരുന്നുവോ ;

(സി) എങ്കിൽ ഈ കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചുവെന്നും എന്നത്തേക്ക് പ്രസ്തുത തുക കൊടുക്കുവാൻ കഴിയുമെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) ട്രഷറി നിയന്ത്രണത്തിൽ നിന്നും ഒഴിവാക്കി തുക മാറാൻ ആവശ്യമായ നിർദ്ദേശം 17-2-2001-ൽ ട്രഷറി ആഫീസർക്ക് നൽകിയിട്ടുണ്ട്.

(ബി) ചെക്കിന്റെ കാലാവധി 11-5-2001 വരെ ഉണ്ട്..

(സി) മുൻ ഉത്തരത്തിന്റെ വെളിച്ചത്തിൽ മറുപടി ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly